"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം- ശ്രീ.ഷാനവാസ് എസ്, ക്ലാർക്ക്, ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ.(ഇ കെ എം) 488/2018 നമ്പർ കേസിന്റെ 08.11.2019-ലെ ഉത്തരവ് നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

G.O.(Rt)No.18/2020/F&WLD തീയതി,തിരുവനന്തപുരം, 18/01/2020

---

പരാമർശം:- 1 ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 26.05.2016, 17.08.2016 എന്നീ തീയതികളിലെ ഇ3-12111/14 നമ്പർ കത്ത്.

2 08.02.2017 ലെ എഫ്2/173/2016/വനം നമ്പർ സർക്കാർ കത്ത്.

3 ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 11.07.2017-ലെ ഇ3-21808/2017 നമ്പർ കത്ത്.

4 20.10.2017 ലെ എഫ്2/173/2016/വനം നമ്പർ സർക്കാർ കത്ത്.

5 ശ്രീ.ഷാനവാസ് എസ്, ക്ലാർക്ക്, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ.(ഇ കെ എം) 488/2018 നമ്പർ കേസിന്റെ 08.11.2019-ലെ ഉത്തരവ്.

<u>ഉത്തരവ്</u>

ന്യൂനപക്ഷക്ഷേമ വകുപ്പിൽ നിന്ന് അന്യത്രസേവനം അവസാനിപ്പിച്ച് വനം വകുപ്പിൽ തിരികെ പ്രവേശിച്ച ക്ലാർക്ക് ശ്രീ. എസ്. ഷാനവാസ്, വകുപ്പിൽ ക്ലാർക്കിന്റെ ഒഴിവില്ലാത്തതിനാൽ നിയമന ഉത്തരവിനായി കാത്തിരുന്ന 03/09/2015 മുതൽ 14/02/2016 വരെയുള്ള കാലയളവ് ക്രമീകരിക്കുന്നതിനായിട്ടുള്ള പ്രൊപ്പോസൽ പരാമർശം (1) പ്രകാരം ഉപമുഖ്യവനപാലകൻ സമർപ്പിച്ചിരുന്നു. ശ്രീ.ഷാനവാസ് നിയമനത്തിനായി കാത്തിരുന്ന 03/09/2015 മുതൽ 14/02/2016 വരെയുള്ള കാലയളവിൽ 03.09.2015 മുതൽ 03.01.2016-വരെ അർഹതപ്പെട്ട അവധിയായും, 04.01.2016 മുതൽ 14.02.2016-വരെ ക്ലാർക്ക് തസ്തികയിൽ ഒഴിവുണ്ടായിരുന്നതിനാൽ കെ എസ് ആർ ഭാഗം 1 ചട്ടം 12(7) -ന് കീഴെയുള്ള നോട്ട് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിക്കുവാനും പരാമർശം (2) പ്രകാരം ഉപമുഖ്യവനപാലകന് നിർദ്ദേശം നൽകിയിരുന്നു.

2). 08/02/2017-ലെ സർക്കാർ നിർദ്ദേശം പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.ഷാനവാസ് അപ്പീൽ അപേക്ഷ ഉപമുഖ്യവനപാലകന് സമർപ്പിച്ചിരുന്നു. അന്യത്രസേവനത്തിൽ നിന്നും മാതൃവകുപ്പിൽ ഹാജരാകുമ്പോൾ നിയമനം നൽകേണ്ടത് നിയമനാധികാരിയാണെന്നും, നിലവിലെ ചട്ടങ്ങൾക്കനുസരിച്ച് നടപടി സ്വീകരിക്കാതിരുന്നതിനാലാണ് ടിയാൾക്ക് ജോലിയിൽ പ്രവേശിക്കാൻ സാധിക്കാത്തതെന്നും, ജോലിയിൽ പ്രവേശിക്കാൻ കാത്തിരിക്കേണ്ടിവന്നത് ടിയാളുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയല്ലായെന്നും , സർവ്വീസ് കാലയളവിലെ 123 ദിവസത്തെ അവധി അപേക്ഷ നൽകേണ്ടി വരുന്നത് ടിയാൾക്ക് സർവ്വീസിൽ വലിയ നഷ്ടമുണ്ടാക്കുന്നതായും ആയതിനാൽ അപ്പീൽ അപേക്ഷ അനുഭാവ പൂർവ്വം പരിഗണിച്ച് സർക്കാർ നിർദ്ദേശം പുനഃപരിശോധിച്ച് അനുകൂല നടപടി സ്വീകരിക്കണമെന്നും ഉപമുഖ്യവനപാലകൻ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. എന്നാൽ പരാമർശം (4) പ്രകാരം സർക്കാർ ആവശ്യം നിരസിച്ചിരുന്നു.

3). ഇതിനെതിരെ ശ്രീ. എസ് ഷാനവാസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒ.എ.(ഇ കെ എം) 488/2018 ആയി കേസ് ഫയൽ ഫയൽ ചെയ്തു. ടി കേസിൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ, അപേക്ഷകൻ പോസ്റ്റിംഗിനായി കാത്തിരുന്ന കാലയളവായ 3.9.2015 മുതൽ 3.1.2016 വരെ ഡ്യൂട്ടിയായി പരിഗണിക്കുവാനും, ടി കാലയളവ് റഗുലറൈസ് ചെയ്യുവാനും ടി കാലയളവിലെ ശമ്പളവും അലവൻസും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുവാനും, ഓർഡറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനകം തീർപ്പാക്കുവാനും സർക്കാരിനു നിർദ്ദേശം നൽകിയിരുന്നു.

4). മേൽ സാഹചര്യത്തിൽ, അന്യത്രസേവനത്തിനു ശേഷം ഡ്യൂട്ടിയിൽ ഹാജരായ ശ്രീ.ഷാനവാസ് പോസ്റ്റിംഗിനായി കാത്തിരുന്ന കാലയളവായ 3.9.2015 മുതൽ 3.1.2016 വരെ ഡ്യൂട്ടിയായി പരിഗണിക്കുവാനും , ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് നൽകുവാനും വേണ്ട നടപടികൾ സ്വീകരിക്കുവാൻ ഭരണവിഭാഗം ഉപമുഖ്യവനപാലകന് നിർദ്ദേശം നൽകികൊണ്ടും, അപ്രകാരം ബഹു. ട്രിബ്യൂണലിന്റെ പരാമർശം (5) പ്രകാരമുള്ള വിധി നടപ്പിലാക്കിയും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEELA.M
UNDER SECRETARY

മുഖ്യവനപാലകൻ & വനസേനാമേധാവി.

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ,തിരുവനന്തപുരം.

ശ്രീ.എസ്.ഷാനവാസ്, (ഉപമുഖ്യവനപാലകൻ മുഖാന്തരം).

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് മുഖാന്തരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരള,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ ( എ & ഇ),കേരള,തിരുവനന്തപുരം.

വെബ്ബ് & ന്യൂ മീഡിയ.

വനം വന്യജീവി (പി എസ്) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SAJEEVAN M K
Date: 2020.01.20 00:58:25 IST
Reason: Approved

സെക്ഷൻ ഓഫീസർ